ശാസ്ത്രീയമായ പിൻബലമില്ലാത്ത ഉല്പന്നങ്ങളുടെ വിപണനം തടയാൻ നടപടി

*17 [645] *ശ്രീ. കെ. വി. കുഞ്ഞിരാമൻ :*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ പിൻബലമില്ലാത്ത ആരോഗ്യ സംരക്ഷണ വസ്തുക്കളും രോഗശമന ഉല്പന്നങ്ങളും സംസ്ഥാനത്ത് വൻതോതിൽ വിറ്റഴിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം കമ്പനികളുടെ സാധനങ്ങളാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം ഉല്പന്നങ്ങളുടെ വിപണനം തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :*

(എ) ഇത്തരം ഉല്പന്നങ്ങൾ സംസ്ഥാനത്ത് ചെറിയ തോതിൽ വില്പന യ്ക്കെത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) — (ഡി) ചെന്നൈയിലുള്ള കോണിബയോ ഹെൽത്ത് കെയർ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ആരോഗ്യ സംരക്ഷണത്തിന്റെ പേരിൽ "കോണിബയോ" ബ്രാന്റിലുള്ള വിവിധ ഉല്പന്നങ്ങൾ നെറ്റ്വർക്ക് മാർക്കറ്റിംഗ് വഴി സംസ്ഥാനത്ത് വില്പന നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതിനെക്കുറിച്ച് പഠനം നടത്തുന്നതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ എന്നിവരുമായി ചർച്ച നടത്തുകയും, കോണിബയോ ഉല്പന്നങ്ങളെ ഡ്രഗ്സ് എന്ന നിർവ്വചനത്തിൽ കൊണ്ടുവരുന്നതു വഴി ടി ഉല്പന്നങ്ങളുടെ വിപണനം ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും ടി റൂൾസിലെ വ്യവസ്ഥകളനുസരിച്ച് കോണി ബയോ ഉല്പന്നങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിനും ഡ്രഗ്സ് കൺട്രോളറെ ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ വ്യാജ മരുന്നുകളുടെ/ഏജൻസികളുടെ വിപണനം/വില്പന എന്നിവ സംബന്ധിച്ച് പഠനം നടത്തുവാനായി തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജ് ഫാർമക്കോളജി വിഭാഗം വകുപ്പ് തലവൻ ചെയർമാനും, പത്തോളജി, മൈക്രോബയോളജി, ജനറൽ മെഡിസിൻ, ബയോകെമിസ്ട്രി എന്നീ വകുപ്പുമേധാവികൾ, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ, ഹെൽത്ത് സർവ്വീസ് അഡീഷണൻ ഡയറക്ടർ (മെഡിക്കൽ), ഡയറക്ടർ, പബ്ലിക് ഹെൽത്ത് ലബോറട്ടറി എന്നിവർ അംഗങ്ങളായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഡ്രഗ്സ് കൺട്രോളറും എക്സ്പെർട്ട് കമ്മിറ്റിയും തരുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആവശ്യമെങ്കിൽ കോണ്ടിബയോ ഉല്പന്നങ്ങൾ വില്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ലഭിച്ച ആശുപത്രികൾ

*18 [646] *ശ്രീമതി രാധാരാഘവൻ :*
ശ്രീ. എം. എം. ഹസ്സൻ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, *ജോർജ്ജ് ജെ. മാത്യു :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതെല്ലാം ലെവലിലുള്ള ആശുപത്രികളാണ് കൈമാറിയിട്ടുള്ളത്;

(ബി) പ്രസ്തുത ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിൽ തുക വകയിരുത്തുവാൻ വ്യവസ്ഥകളുണ്ടോ;

(സി) എങ്കിൽ ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം വരെ ആശുപത്രി വികസനത്തിനും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി വകയിരുത്താവുന്നതാണ്;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിൽ അതിന് തുക വകയിരുത്താൻ വ്യവസ്ഥയില്ലാത്തപക്ഷം അത്തിനുള്ള വ്യവസ്ഥയുണ്ടാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)* :

(എ) 1. ഗ്രാമപഞ്ചായത്ത് — പ്രൈമറി ഹെൽത്ത് സെന്റർ, ഗവൺമെന്റ് ഡിസ്പെൻസറി (ആരോഗ്യം), ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി, ആശുപത്രി (ആയുർവ്വേദം) ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, ആശുപത്രി (ഹോമിയോ)

LIBRARY ARCHIVES Kerala Legislative Assembly